**മധുരമായ കുട്ടികളെ - നിങ്ങൾക്ക് ഗുപ്തമായ സന്തോഷമുണ്ടായിരിക്കണം, നമ്മൾ പരമാത്മാപിതാവിന്റെ സർവ്വകലാശാലയിലെ വിദ്യാർത്ഥികളാണ്, ഭാവിയിലെ പുതിയ ലോകത്തെ സമ്പത്ത് നേടുന്നതിന് വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്.**

**ചോദ്യം:-** ഏത് സ്മൃതിയിൽ സദാ ഇരിക്കുകയാണെങ്കിൽ ദൈവീക ഗുണം ധാരണയായിക്കൊണ്ടിരിക്കും?
**ഉത്തരം:-** നമ്മൾ ആത്മാക്കൾ ശിവബാബയുടെ സന്താനങ്ങളാണ്, ബാബ നമ്മളെ മുള്ളുകളിൽ നിന്ന് പുഷ്പമാക്കുന്നതിന് വന്നിരിക്കുന്നു- ഈ സ്മൃതി സദാ ഉണ്ടായിരിക്കുകയാണെങ്കിൽ ദൈവീക ഗുണം ധാരണയായിക്കൊണ്ടിരിക്കും. പഠിപ്പിലും യോഗത്തിലും പൂർണ്ണമായ ശ്രദ്ധ ഉണ്ടായിരിക്കണം, ഒപ്പം വികാരങ്ങളോട് വെറുപ്പുണ്ടാവുകയും വേണം എങ്കിൽ ദൈവീകഗുണങ്ങൾ വന്നുകൊണ്ടിരിക്കും. എപ്പോഴെങ്കിലും ഏതെങ്കിലും വികാരം യുദ്ധം ചെയ്യാൻ വരികയാണെങ്കിൽ മനസ്സിലാക്കണം- ഞാൻ മുള്ളാണ്, എനിക്ക് പുഷ്പമാകണം.

**ഓം ശാന്തി**. കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മൾ ആത്മീയ യൂണിവേഴ്സിറ്റിയിലാണ് ഇരിക്കുന്നത്. ഈ ലഹരി ഉണ്ടായിരിക്കണം. സാധാരണ രീതിയിൽ സ്ക്കൂളിലിരിക്കുന്നതുപോലെ ബുദ്ധുവായി ഇവിടെ ഇരിക്കരുത്. വളരെയധികം കുട്ടികൾ ബുദ്ധുവായി ഇരിക്കുന്നുണ്ട്. ഓർമ്മ ഉണ്ടായിരിക്കണം- ഇത് ഉയർന്നതിലും ഉയർന്ന പരമപിതാ പരമാത്മാവിന്റെ യൂണിവേഴ്സിറ്റിയാണ്. പരമാത്മാവിന്റെ വിദ്യാർത്ഥികളാണ് നമ്മൾ. അതുകൊണ്ട് നിങ്ങളിൽ എത്ര ലഹരിയുണ്ടായിരിക്കണം. ഇതാണ് ഗുപ്തമായ സന്തോഷം, ഗുപ്തമായ ജ്ഞാനം. ഓരോ കാര്യവും ഗുപ്തമാണ്. പലർക്കും ഇവിടെ ഇരിക്കുകയാണെങ്കിൽ പോലും പുറത്തുള്ള മോശമായ ചിന്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇവിടെ നിങ്ങൾ പഠിക്കുന്നത് ഭാവിയിലെ പുതിയ ലോകത്തിലെ സമ്പത്ത് നേടുന്നതിനായാണ്. അപ്പോൾ നിങ്ങൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. ദൈവീക ഗുണങ്ങളും ഉണ്ടായിരിക്കണം. ഇവിടെ വരുന്ന എല്ലാവരും ബ്രാഹ്മണരാണെങ്കിലും, അവിടുത്തെ അഴുക്കുകൊട്ടയിൽ നിന്ന് രക്ഷപ്പെട്ടാണ് നിങ്ങൾ ഇവിടെക്ക് വരുന്നത്. അതുകൊണ്ട് നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷത്തിൽ കഴിയണം. മുഴുവൻ ലോകവും ഈ സമയം അഴുക്കിൽപ്പെട്ടിരിക്കയാണ്. കലിയുഗീ അഴുക്ക് എവിടെക്കിടക്കുന്നു, സത്യയുഗീ പുഷ്പവാടിക എവിടെക്കിടക്കുന്നു. കലിയുഗത്തിൽ പരസ്പരം മുള്ളുപോലെ കുത്തിനോവിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കാണെങ്കിൽ ഇപ്പോൾ പുഷ്പമാകണം. ഇത് പൂന്തോട്ടമാണ്. ബാബയെ പൂന്തോട്ടക്കാരനെന്ന് പറയുന്നു. തോട്ടക്കാരൻ വന്ന് മുള്ളുകളെ പൂക്കളാക്കുന്നു. ഇത് കുട്ടികൾക്കറിഞ്ഞിരിക്കണം നമ്മൾ ഏത് പ്രകാരത്തിലുള്ള പൂവായിട്ടാണ് മാറുന്നത്. ഇവിടെയും പൂന്തോട്ടമുണ്ടല്ലോ. മുരളി കേട്ടുകഴിഞ്ഞ് നിങ്ങൾ പൂന്തോട്ടത്തിൽ പോയി പൂക്കളുമായി തന്നെ താരതമ്യപ്പെടുത്തിനോക്കൂ. ഞാൻ ഏത് പുഷ്പമാണ്! ഞാൻ മുള്ളല്ലല്ലോ? ഏത് സമയത്താണോ ക്രോധം വരുന്നത് അപ്പോൾ മനസ്സിലാക്കണം ഞാൻ മുള്ളാണ്, എന്നിൽ ഭൂതമുണ്ട്. ഇത്രയും വെറുപ്പുണ്ടാകണം. ക്രോധമാണെങ്കിൽ എല്ലാവരുടെയും ഇടയിൽ വെച്ചാണ് വരുന്നത്. കാമമാണെങ്കിൽ എല്ലാവരുടെയും ഇടയിൽ വെച്ച് ഉണ്ടാകുകയില്ല. അത് ഒളിപ്പിച്ചാണ് ചെയ്യുന്നത്. ക്രോധമാണെങ്കിൽ പുറത്ത് ചാടുന്നു. ക്രോധിക്കുകയാണെങ്കിൽ അതിന്റെ പ്രഭാവം കുറച്ച് ദിവസങ്ങളിലേയ്ക്ക് ഉണ്ടായിരിക്കും. ക്രോധത്തിന്റെയും ലഹരിയുണ്ട്, ലോഭത്തിന്റെയും ലഹരിയുണ്ട്. സ്വയം അവനവനോടു തന്നെ വെറുപ്പ് വരണം. നിങ്ങൾക്കറിയാം നമ്മളെ ബാബ പുഷ്പമാക്കുകയാണ്. കാമവും ക്രോധവും വളരെ മോശമാണ്. ഇത് മനുഷ്യരുടെ മുഴുവൻ ശോഭയും നഷ്ടപ്പെടുത്തുന്നു. ഇവിടെ ശോഭ കാണിക്കണം അപ്പോൾ അവിടെയും ശോഭയുണ്ടാകും. ദൈവീകഗുണം ധാരണ ചെയ്യൂ എന്ന് ബാബ ദിവസേന കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിലേക്ക് പോകേണ്ടേ. ഈ ലക്ഷ്മീ-നാരായണന്മാർ എത്ര ഗുണവാന്മാരാണ്. അവരുടെ മുന്നിൽ ചെന്ന് മഹിമയും പാടുന്നുണ്ട്- ഞങ്ങൾ നീചരാണ്, പാപിയാണ്, കാമിയാണ്. അങ്ങ് സർവ്വ ഗുണ സമ്പന്നനാണ്. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നുമുണ്ട് സ്വർഗ്ഗമാണ് പുഷ്പങ്ങളുടെ പൂന്തോട്ടം, നരകം മുള്ളുകളുടെ കാടാണ്. ശിവബാബ സ്വർഗ്ഗം സ്ഥാപിക്കുന്നു, രാവണൻ നരകം സ്ഥാപിക്കുന്നു. ചിന്തിക്കണം നമ്മൾ ആത്മാക്കൾ ബാബയുടെ കുട്ടികളാണ്. എന്നിട്ടും നമ്മളിൽ അഴുക്ക് എവിടെ നിന്ന് വന്നു? അഥവാ അഴുക്കുണ്ടെങ്കിൽ അച്ഛന്റെ പേര് മോശമാക്കും. ക്രോധിക്കുകയാണെങ്കിൽ ബാബയുടെ നിന്ദ ചെയ്യിക്കും. ക്രോധത്തിന്റെ ഭൂതം വന്നു ഉടൻ ബാബയെ മറന്നു. ബാബയുടെ ഓർമ്മയുണ്ടെങ്കിൽ ഒരു ഭൂതവും വരികയില്ല. അഥവാ ആരുടെയെങ്കിലും മനസ്സിനെ ദുഃഖിപ്പിക്കുകയാണെങ്കിൽ അതിന്റെയും പ്രഭാവം ഉണ്ടാകുന്നു. ഒരു പ്രാവശ്യം ക്രോധിച്ചാൽ 6 മാസം വരെ എല്ലാവരുടെയും മനസ്സിലുണ്ടായിരിക്കും ഇവർ ക്രോധിയാണ്. പിന്നീട് ആരുടെയും ഹൃദയത്തിൽ സ്ഥാനം ലഭിക്കില്ല. ബാപ്ദാദയുടെ ഹൃദയത്തിൽ നിന്നും ഇറങ്ങുന്നു. ഈ ദാദയും വിശ്വത്തിന്റെ അധികാരിയാകു

ന്നു, ബ്രഹ്മാബാബയിലും തീർച്ചയായും വിശേഷതകളുണ്ടായിരിക്കുമല്ലോ. എന്നാൽ ചിലരുടെ ഭാഗ്യത്തിലില്ലെങ്കിൽ പുരുഷാർത്ഥം ചെയ്യില്ല. എത്ര സഹജമായ പരിശ്രമമാണ്, കേവലം ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ആത്മാവ് ശുദ്ധമായിത്തീരും. മറ്റൊരു ഉപായവുമില്ല. ഈ സമയം രാജഋഷിയായി ആരുമില്ല, രാജയോഗം പഠിപ്പിക്കുന്നത് ഒരേ ഒരു ബാബയാണ്. മനുഷ്യന് മനുഷ്യനെ നന്നാക്കാൻ സാധിക്കില്ല. ബാബ വന്ന് എല്ലാവരെയും ഉദ്ധരിക്കുന്നു. ആരാണോ നല്ല രീതിയിൽ പൂർണ്ണമായും ഉദ്ധരിക്കപ്പെടുന്നത്, അവർ സത്യയുഗത്തിൽ ഏറ്റവും ആദ്യം വരുന്നു. അതുകൊണ്ട് എന്തെങ്കിലും മോശമായ ശീലങ്ങളുണ്ടെങ്കിൽ ഉപേക്ഷിക്കണം. പഠിപ്പിലും യോഗത്തിലും പൂർണ്ണമായ ശ്രദ്ധ നൽകണം. എല്ലാവരും ഒരുപോലെ ഉയർന്നവരാകില്ല എന്നും അറിയാം. എന്നാലും ബാബ പുരുഷാർത്ഥം ചെയ്യിക്കും. എത്ര സാധിക്കുമോ അത്രയും പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടൂ. ഇല്ലെങ്കിൽ കല്പ-കല്പാന്തരം നേടാൻ സാധിക്കില്ല. വീണ്ടും-വീണ്ടും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ് ബാബയെ ഓർമ്മിക്കുകയാണെങ്കിൽ അഴുക്ക് ഇല്ലാതാകും. മറ്റു സന്യാസിമാരാണെങ്കിൽ ഹഠയോഗമാണ് പഠിപ്പിക്കുന്നത്. ഹഠയോഗത്തിലൂടെ ആരോഗ്യം നല്ലതാകും, അവർക്കൊരിക്കലും രോഗം വരുന്നില്ല എന്നൊന്നും ചിന്തിക്കരുത്. അവരും രോഗിയാകുന്നുണ്ട്. ഭാരതത്തിൽ എപ്പോഴാണോ ലക്ഷ്മീ-നാരായണന്റെ രാജ്യമുണ്ടായിരുന്നത് അപ്പോൾ എല്ലാവരുടെയും ആയുസ്സ് വളരെ കൂടുതലായിരുന്നു, ആരോഗ്യവും-സമ്പത്തും ഉണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ എല്ലാവർക്കും തീർത്തും അല്പായുസ്സാണ്. ഭാരതത്തെ ഇങ്ങനെയാക്കിയത് ആരാണ്? ഇതാരും അറിയുന്നില്ല. തീർത്തും ഘോരമായ അന്ധകാരത്തിലാണ്. നിങ്ങൾ എത്രവേണമെങ്കിലും മനസ്സിലാക്കിക്കൊടുത്തോളൂ, എന്നാലും അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ പ്രയാസമാണ്. അതിലും ദരിദ്രരും സാധാരണക്കാരും മാത്രമാണ് മനസ്സിലാക്കുവാൻ പരിശ്രമിക്കുന്നത്. എന്താ ഇവിടെ ഏതെങ്കിലും ലക്ഷാധിപതിയുണ്ടോ? ഇന്നത്തെ ലക്ഷം വലിയ കാര്യമല്ല. ഇന്ന് ലക്ഷാധിപതികൾ വളരെയുണ്ട്. അവരെയും ബാബ സാധാരണക്കാരെന്നേ പറയൂ. ഇന്നാണെങ്കിൽ കോടിപതികളാണ്. വിവാഹങ്ങളിലെല്ലാം എത്രയാണ് ചിലവാക്കുന്നത്. നിങ്ങൾ കുട്ടികൾ ലക്ഷ്യത്തിലെത്തുന്ന രീതിയിൽ വളരെ യുക്തിയോടെ മനസ്സിലാക്കിക്കൊടുക്കണം. വലിയ-വലിയ ആളുകളോ ഏതെങ്കിലും എം.പിയോ വരികയാണെങ്കിൽ വളരെ സന്തോഷിക്കുന്നു. എന്നാൽ ഒരാളിൽ പോലും ശബ്ദം ഉയർത്താനുള്ള ശക്തിയില്ല. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട് എന്നാൽ യഥാർത്ഥത്തിൽ പൂർണ്ണമായും മനസ്സിലാക്കിയല്ല പോകുന്നത്. ഉയർന്നതിലും ഉയർന്നതാണ് ഭഗവാൻ, ഉയർന്നതിലും ഉയർന്നതാണ് ഈ സമ്പത്ത്. ലക്ഷ്മീ-നാരായണന് ആരാണ് ഈ സ്വർഗ്ഗീയ സമ്പത്ത് നൽകിയത്? ഇവർ എവിടെ വസിക്കുന്നവരാണ്? ഇത് വളരെ പേർക്ക് അറിയില്ല. മ്യൂസിയത്തിൽ വളരെ പേർ വരുന്നുണ്ട്, മനസ്സിലാക്കുന്നതിന് വേണ്ടി. സേവനത്തിനുള്ള നല്ല അവസരമുണ്ട് എന്നാൽ യോഗമില്ല. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നല്ല ഉന്മേഷമുണ്ടാകും. നമ്മൾ ആരുടെ സന്താനമാണ്. എന്നിട്ടും നിയമമനുസരിച്ച് പഠിക്കാത്ത കുട്ടികൾ എത്രയാണ്. ബാബയുമായി യോഗമില്ല. സമ്പൂർണ്ണമായി ആരും മാറിയിട്ടില്ല. നമ്പർവൈസാണ്. കുട്ടികൾക്ക് ഏകാന്തതയിലിരുന്ന് ബാബയെ ഓർമ്മിക്കണം. ഇങ്ങനെയുള്ള ബാബയിൽ നിന്നാണ് നമ്മൾ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുന്നത്. ഈ ലോകത്തിൽ നമ്മൾ തന്നെയാണ് ഏറ്റവും പതിതമായത്, പിന്നീട് നമുക്കു തന്നെ പാവനമാകണം. ഇത് നല്ല രീതിയിൽ ഓർമ്മിക്കണം. ബാബ ഓരോ പ്രകാരത്തിലുള്ള നിർദ്ദേശം തരുന്നുണ്ട് - ഈ രീതിയിൽ ചെയ്യൂ. ഏതുപോലെയാണോ വിക്ടോറിയ രാജ്ഞിയുടെ മന്ത്രി ദരിദ്രനായിരുന്നത്, തെരുവ് വെളിച്ചത്തിന്റെ താഴെയിരുന്ന് പഠിച്ച്-പഠിച്ച് ഉയർന്ന പദവി നേടി. താത്പര്യമുണ്ടായിരുന്നു. അതുപോലെ ഇതും പാവങ്ങൾക്ക് വേണ്ടിയുള്ളതാണ്. ബാബ ദരിദ്രരുടെ തോഴനാണ്. എന്താ ധനവാന് ഭഗവാനെ ഓർമ്മിക്കാൻ സാധിക്കുമോ. അവർ പറയും ഞങ്ങൾക്ക് സ്വർഗ്ഗം ഇവിടെത്തന്നെയാണ്. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തിട്ടില്ല. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ബാബയെ ഓർമ്മിക്കൂ, പാവനമായി തീർച്ചയായും മാറണം. കുട്ടികൾക്ക് യുക്തി രചിക്കണം- എങ്ങനെ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കാം ഭാരതത്തിന്റെ പ്രാചീന യോഗം പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഹഠയോഗം നിവൃത്തി മാർഗ്ഗത്തിലുള്ളവർക്കാണ്. ബാബ മനസ്സിലാക്കിത്തരുന്നുണ്ട് എപ്പോൾ ആരുടെയെങ്കിലും മംഗളം ഉണ്ടാകേണ്ടതുണ്ടോ അപ്പോൾ ഇങ്ങനെ എഴുതുകയും ചെയ്യും. പക്ഷേ ഇപ്പോൾ സമയമുള്ളതുകൊണ്ട് ആരുടെയും ബുദ്ധിയിൽ ഇരിക്കുന്നില്ല.

നിങ്ങളുടേതാണ് ഈശ്വരീയ മിഷൻ. നിങ്ങൾക്ക് മനുഷ്യനെ ദേവതയാക്കുന്നതിനുള്ള സേവനം ചെയ്യണം. ലോകത്തിലാണെങ്കിൽ അനേക പ്രകാരത്തിലുള്ള അഭിപ്രായങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്, അവർക്കെല്ലാം എത്ര ഷോ ആണ്. അന്ധവിശ്വാസം എത്രയാണ്. രാത്രിയുടേയും-പകലിന്റേയും വ്യത്യാസമുണ്ട്. നിങ്ങൾ ബ്രാഹ്മണരിലും രാത്രിയുടേയും-പകലിന്റേയും വ്യത്യാസമുണ്ട്. ചിലർക്കാണെങ്കിൽ ഒന്നും തന്നെ അറിയില്ല. യഥാർത്ഥത്തിൽ വളരെ സഹജമാണ്, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ അപ്പോൾ പാപം മുറിഞ്ഞ് പോകും. ദൈവീക ഗുണം ധാരണചെയ്യൂ അപ്പോൾ

ലക്ഷ്മീ നാരായണനെപ്പോലെയാകും. പെരുമ്പറ മുഴക്കിക്കൊണ്ടിരിക്കൂ. ദേഹാഭിമാനമില്ലെങ്കിൽ ചെണ്ട കഴുത്തിലിട്ട് എല്ലാവരോടും പറഞ്ഞുകൊണ്ടിരിക്കൂ – ബാബ വന്നിരിക്കുകയാണ്. പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പതിതത്തിൽ നിന്ന് പാവനമാകും. ഈ സന്ദേശം വീട്-വീടുകളിൽ നൽകണം. എല്ലാവരിലും കറ പിടിച്ചിരിക്കുന്നു. തമോപ്രധാന ലോകമാണ്, എല്ലാവർക്കും ബാബയുടെ സന്ദേശം തീർച്ചയായും എത്തിക്കണം. അന്തിമത്തിൽ നിങ്ങളെക്കുറിച്ച് അഭിനന്ദനങ്ങൾ വരും. പറയും ഇവരുടേത് അദ്ഭുതമാണ്! ഇവർ ഇത്രയും നമ്മെ ഉണർത്താനായി പരിശ്രമിച്ചു എന്നാൽ ഞങ്ങൾ ഉണർന്നില്ല. ആരുണർന്നോ അവർ നേടി, ആരുറങ്ങിയോ അവർ നഷ്ടപ്പെടുത്തി. ബാബ ചക്രവർത്തീ പദം നൽകാൻ വന്നിരിക്കുന്നു എന്നിട്ടും നഷ്ടപ്പെടുത്തി. സേവനത്തിനുള്ള യുക്തികൾ രചിക്കണം. ബാബ വന്ന് പറയുകയാണ് എന്നെമാത്രം ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും, പവിത്ര ലോകത്തിന്റെ അധികാരിയാകും. ഓർമ്മിക്കുന്നില്ലെങ്കിൽ പാപം മുറിയില്ല. ഒരു കറയും ഉണ്ടായിരിക്കരുത് അപ്പോഴേ ഉയർന്ന പദവി നേടാൻ സാധിക്കൂ. ഇല്ലെങ്കിൽ പദവിയും കുറയും, ശിക്ഷകളും അനുഭവിക്കേണ്ടിവരും. സേവനത്തിനുള്ള നല്ല അവസരമുണ്ട്. ചിത്രം കൂടെ കൊണ്ടുപോകുന്നതിലൂടെ സേവനം ചെയ്യാൻ സാധിക്കും. ചിത്രം കേടായിപ്പോകാത്ത തരത്തിൽ നല്ല രീതിയിൽ ഉണ്ടാക്കണം. ഈ ചിത്രം വളരെ നല്ല സാധനമാണ്. ബാക്കി മോഡലുകളെല്ലാം(പ്രതിമ) കളിപ്പാട്ടങ്ങളാണ്. വലിയ-വലിയ ആളുകളുടെ ചിത്രങ്ങളുണ്ട് ആയിരക്കണക്കിന് വർഷം വരെ നിൽക്കും. നിങ്ങളുടെ ഈ 6 ചിത്രങ്ങൾ തന്നെ ധാരാളമാണ്. പറയൂ, ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്- ഞങ്ങൾ താങ്കൾക്ക് മനസ്സിലാക്കിത്തരാം. ഈ ചക്രത്തെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തീ രാജാവാകും. ബാഡ്ജും വളരെ നല്ലതാണ്. എന്നാൽ ഇതിന്റെ മൂല്യത്തെക്കുറിച്ച് കുട്ടികൾ ബോധവാന്മാരല്ല. ഈ ചിത്രത്തിനു മേൽ നിങ്ങൾ മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങൾക്ക് വളരെയധികം സമ്പാദ്യം ഉണ്ടാകും. ഈ ബാഡ്ജ് ഇങ്ങനെ നെഞ്ചിൽ തൂങ്ങിക്കിടക്കണം. ബാബ ബ്രഹ്മാവിലൂടെ ഈ സമ്പത്ത് നൽകുന്നു. ട്രെയിനിൽ പോലും ചുറ്റിക്കറങ്ങി ഈ സേവനം ചെയ്തുകൊണ്ടിരിക്കൂ. ചെറിയ കുട്ടികൾക്ക് പോലും ചെയ്യാൻ സാധിക്കും. നിങ്ങളെ ആർക്കും തടയാൻ സാധിക്കില്ല. ഈ ബാഡ്ജിൽ വജ്ര-വൈഢൂര്യങ്ങൾ, ഫല-പുഷ്പങ്ങൾ, കൊട്ടാരം എല്ലാം അടങ്ങിയിട്ടുണ്ട്. എന്നാൽ കുട്ടികളുടെ ബുദ്ധിയിൽ ഇത് വരുന്നില്ല. ബാബ പലപ്രാവശ്യം മനസ്സിലാക്കിത്തന്നിട്ടുണ്ട്- ചിത്രം കൂടെ തീർച്ചയായും ഉണ്ടായിരിക്കണം. നിങ്ങളോട് ആരെങ്കിലും തല തിരിഞ്ഞും സംസാരിക്കും. കൃഷ്ണന് പോലും നിന്ദ ലഭിച്ചിരുന്നില്ലേ- അപഹരിച്ചു..., അത് ചെയ്തിരുന്നു. എന്നാൽ അപഹരിച്ചവരെയും മഹാറാണിയാക്കിയല്ലേ മാറ്റിയത്. വിശ്വത്തിന്റെ അധികാരിയായ ശേഷം ഒരിക്കലും ഇങ്ങനെയുള്ള ജോലി ചെയ്യില്ല. ഈ ജ്ഞാനത്തിൽ ലഹരി വളരെ ഉണ്ടായിരിക്കണം. പെട്ടെന്ന് വിനാശമുണ്ടാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്ന് ചിലർ പറയുന്നു. പിന്നീട് പറയുന്നു ഇപ്പോൾ ബാബ കൂടെയുണ്ട്. ബാബയെ ഉപേക്ഷിക്കുകയാണെങ്കിൽ പിന്നീട് അയ്യായിരം വർഷങ്ങൾക്ക് ശേഷമാണ് ലഭിക്കുക. ഇങ്ങനെയുള്ള ബാബയെ ഞങ്ങൾ എങ്ങനെ ഉപേക്ഷിക്കും. ബാബയിൽ നിന്ന് ഞങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് ബ്രാഹ്മണരുടെ ഉയർന്നതിലും ഉയർന്ന ജന്മം. അച്ഛൻ നമുക്ക് രാജപദവി നൽകിക്കൊണ്ടിരിക്കുകയാണ്, പിന്നീട് ഈ അച്ഛനെ നമ്മൾ കാണുകയേയില്ല. എന്നാൽ ഗംഗാ തീരത്ത് കഴിയുന്നവർക്ക് ഇത്രയും മൂല്യമില്ല. പുറമെയുള്ളവർ എത്ര മഹത്വമാണ് നൽകുന്നത്. ഇവിടെയും പുറമെയുള്ളവർ ബലിയാകുന്നു. അഥവാ യോഗത്തിന്റെ ശക്തിയില്ലെങ്കിൽ ആരിലും മനസ്സിലാക്കികൊടുക്കുന്നതിന്റെ പ്രഭാവം ഉണ്ടായിരിക്കില്ല, ഒന്നും മനസ്സിലാക്കുന്നില്ല. വളരെ പേർ വരുന്നുണ്ട്, എഴുതുന്നുണ്ട് ഇങ്ങനെ-ഇങ്ങനെ മനസ്സിലാക്കിത്തന്നു എന്ന്, വളരെ നല്ലതാണെന്ന് പറയുന്നു. അപ്പോൾ ബാബ മനസ്സിലാക്കുന്നു ഒന്നും കേട്ടിട്ടേയില്ലാത്തതുപോലെയാണ് കേട്ടത്. അല്പം പോലും മനസ്സിലാക്കിയിട്ടില്ല. അഥവാ എന്തെങ്കിലും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ബാബയോട് സംബന്ധം യോജിപ്പിക്കണ്ടേ, കത്തെഴുതണ്ടേ. അങ്ങനെയാണെങ്കിൽ പെട്ടെന്ന് തന്നെ അവർ നിങ്ങളോട് ചോദിക്കും – നിങ്ങൾ ഇങ്ങനെയുള്ള ബാബയ്ക്ക് എങ്ങനെയാണ് കത്തെഴുതുന്നത്, ഞങ്ങൾക്ക് പറഞ്ഞുതരൂ. ശിവബാബ കെയർ ഓഫ് ബ്രഹ്മാ. പെട്ടെന്നു തന്നെ എഴുതാൻ ആരംഭിക്കുന്നു. ഇത് രഥമല്ലേ. എന്നാൽ കൂടുതൽ മൂല്യം ഇതിലേക്ക് വന്ന് പ്രവേശിക്കുന്ന ആൾക്കാണ്.

സേവനം ചെയ്ത്-ചെയ്ത് കുട്ടികളുടെ തൊണ്ട തളർന്ന് പോകുന്നു. എന്നാൽ യോഗമില്ലാത്തതുകൊണ്ട് അമ്പേൽക്കുന്നില്ല. ഇതിനെയും ഡ്രാമാ എന്ന് പറയും. ബാബയെ തിരിച്ചറിഞ്ഞുകഴിഞ്ഞാൽ പിന്നെ ബാബയെക്കാണാതിരിക്കാൻ സാധിക്കില്ല. ട്രെയിനിൽ പോലും യോഗയുക്തമായി വരും, നമ്മൾ പോകുകയാണ് ബാബയുടെ അടുത്തേക്ക്. വിദേശത്ത് നിന്ന് വരികയാണെങ്കിൽ ഭാര്യയെയും മക്കളെയും എല്ലാം ഓർമ്മ വരുന്നതു പോലെ ഇവിടെ നമ്മൾ ആരുടെ അടുത്തേക്കാണ് പോകുന്നത്! അപ്പോൾ യാത്രയിൽ എത്ര സന്തോഷമുണ്ടായിരിക്കണം. സേവനം ചെയ്ത്-ചെയ്ത് വരണം. ബാബ സാഗരമാണ്, കുട്ടികൾ ഫോളോ ചെയ്യുന്നത് കാണുന്നുണ്ട്. കുട്ടികളിൽ ജ്ഞാനത്തിന്റെ അലകൾ ഉയരുമ്പോൾ കണ്ട് സന്തോഷിക്കുന്നു.

ഇത് വളരെ നല്ല സൽപുത്രനായ കുട്ടിയാണ്. രാവിലെയുള്ള ഓർമ്മയുടെ യാത്രയിൽ വളരെ പ്രാപ്തിയാണ്. കേവലം രാവിലെ മാത്രം ഓർമ്മിക്കണമെന്നല്ല. എഴുന്നേൽക്കുമ്പോഴും-ഇരിക്കുമ്പോഴും കഴിക്കുമ്പോഴും കുടിക്കുമ്പോഴും ഓർമ്മിക്കണം, സേവനം ചെയ്യുകയാണെങ്കിലും നിങ്ങൾ ഓർമ്മയുടെ യാത്രയിലാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം -

1. ആരുടെയും മനസ്സിനെ ദുഃഖിപ്പിക്കരുത്. ഉള്ളിൽ ഏതെങ്കിലും ഭൂതമുണ്ടെങ്കിൽ പരിശോധിച്ച് അതിനെ പുറത്താക്കണം, പുഷ്പമായി എല്ലാവർക്കും സുഖം നൽകണം.

2. നമ്മൾ ജ്ഞാനസാഗരന്റെ മക്കളാണ് അതുകൊണ്ട് ഉള്ളിൽ ജ്ഞാനത്തിന്റെ അലകൾ സദാ ഉയർന്നുകൊണ്ടിരിക്കണം. സേവനത്തിന്റെ യുക്തികൾ രചിക്കണം, ട്രെയിനിലും സേവനം ചെയ്യണം. അതിനോടൊപ്പം പാവനമാകുന്നതിന് വേണ്ടി ഓർമ്മയുടെ യാത്രയിലും ഇരിക്കണം.

## വരദാനം:- ഓർമ്മയുടെയും സേവനത്തിന്റെയും സന്തുലനത്തിലൂടെ ബാബയുടെ സഹായത്തിന്റെ അനുഭവം ചെയ്യുന്ന ആശീർവ്വാദത്തിന് പാത്രമായ ആത്മാവായി ഭവിക്കട്ടെ.

എവിടെ ഓർമ്മയുടെയും സേവനത്തിന്റെയും സന്തുലനം അഥവാ സമാനതയുണ്ടോ അവിടെ ബാബയുടെ വിശേഷ സഹായം അനുഭവപ്പെടും. ഈ സഹായം തന്നെയാണ് ആശീർവ്വാദം, എന്തുകൊണ്ടെന്നാൽ ബാപ്ദാദ മറ്റാത്മാക്കളെപ്പോലെ ആശീർവ്വാദം നൽകുകയില്ല. ബാബ അശരീരി തന്നെയാണ്, അതിനാൽ ബാപാദാദയുടെ ആശീർവ്വാദം സഹജമാണ്, സ്വതവേ സഹായം ലഭിക്കുന്നു, അതിലൂടെ ഏത് അസംഭവ്യമായ കാര്യവും സംഭവ്യമാകും. ഇത് തന്നെയാണ് സഹായം അതായത് ആശീർവ്വാദം. അങ്ങനെയുള്ള ആശീർവ്വാദത്തിന് പാത്രമായ ആത്മാക്കൾ ഒരു ചുവടിന് കോടികളുടെ വരുമാനം സമ്പാദിക്കുന്നു.

## സ്ലോഗൻ:- സകാശ് (ശക്തികൾ) നൽകുന്നതിന് വേണ്ടി അവിനാശി സുഖം, ശാന്തി, സത്യമായ സ്നേഹത്തിന്റെ സ്റ്റോക്ക് ശേഖരിക്കൂ.